LIBRARY ARCHIVES Kerala Legislative Assembly

ഇന്റലിജൻസ് കളക്ഷൻ ആന്റ് പ്രൊഫഷണലിസം, സൈബർ ക്രൈംസ്, സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ വിഷയങ്ങളിൽ പോലീസുദ്യോഗസ്ഥർക്ക് ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോറൻസിക് സയൻസ് വിഭാഗം, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (CCTNS), സൈബർ സെൽ, ഹൈടെക് സെൽ, സെക്യൂരിറ്റി അലർട്ട് സിസ്റ്റം, ചൈൽഡ് ട്രാക്കിംഗ് നെറ്റ്വർക്കിംഗ് സിസ്റ്റം, ഡോഗ് സ്ക്വാഡ് എന്നിവയുടെ പ്രവർത്തനവും ശക്തമാക്കി കുറ്റവാളികളെ എളുപ്പം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പരിശീലനങ്ങൾ കൊണ്ട് കുറ്റവാളികളെ എളുപ്പത്തിൽ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ കേസന്വേഷണം നടത്തുന്നതിനും സാധിക്കുന്നു.

ഹെലിക്യാമറകൾ

315 (293) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെലിക്യാമറകൾ വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2015-ൽ ഇതുപ്രകാരമുള്ള അനുമതി ആർക്കെങ്കിലും നല്കിയിട്ടുണ്ടോ; അനുമതി ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ദൃശ്യമാധ്യമങ്ങൾക്ക് ഹെലിക്യാമറ ഉപയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; മാധ്യമങ്ങൾക്ക് പൊതു അനുമതിക്ക് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ സൗകര്യം ദുരുപയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) ചില ആഘോഷപരിപാടികളിലും ചില ആൽബങ്ങൾ, സിനിമകൾ എന്നിവയുടെ ചിത്രീകരണത്തിലും ഹെലിക്യാമറകൾ ഉപയോഗിച്ചതായ ഒറ്റപ്പെട്ട അനുഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻകരുതലുകൾ ഇല്ലാതെയുള്ള ഹെലികോപ്റ്റർ ക്യാമറകളുടെ ഉപയോഗം വളരെയധികം സുരക്ഷാപ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമായേക്കാവുന്നതാണ്. മുൻകൂർ അനുമതിയില്ലാതെ ഹെലികോപ്റ്റർ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വിധ്വംസക പ്രവർത്തനങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചേക്കാവുന്നതിനാൽ അത്തരം വസ്തുക്കളുടെ ഏത് കാര്യങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനും മുൻകൂർ അനുമതി വാങ്ങേണ്ടത് ആവശ്യമാണ്. അതീവ സുരക്ഷാ മേഖലകളിൽ നിരോധിക്കപ്പെടേണ്ടതുമാണ്.

(സി&ഡി) അനുമതി ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളൊന്നും ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല. ഹെലി ക്യാമറകൾ Unmanned Aerial Vehicle (UAV)/ Unmanned Aircraft System (UAS) എന്നിവയുടെ പരിധിയിൽപ്പെടുന്നവയാണ്. ഈ വിഭാഗത്തിൽ വരുന്ന ഉപകരണങ്ങളുടെ ഇന്ത്യൻ സിവിൽ എയർ സ്പേസിലുള്ള അനുമതിയില്ലാതെ ഉപയോഗം നിരോധിച്ചുകൊണ്ട് 7-10-2014-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വ്യോമ മന്ത്രാലയം ഒരു പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇത് 26-10-2015-ൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാനായി അയച്ചുതന്നിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റാന്വേഷണവും ക്രമസമാധാനവും

316 (294) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കാനുള്ള ആലോചന സർക്കാരിനുണ്ടോ; ഈ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പാസ്പോർട്ട് വെരിഫിക്കേഷൻ പോലീസ് സ്റ്റേഷനിൽ ക്രമസമാധാനത്തിന് നിയോഗിക്കപ്പെട്ട പോലീസുകാർ തന്നെ നിർവ്വഹിക്കേണ്ടതിനാൽ ഈ കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം വിദേശ രാജ്യങ്ങളിലേക്കുള്ള തൊഴിൽ അന്വേഷകരെ ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നപരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ക്രമസമാധാനപാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly